**പതിമൂന്നാം കേരള നിയമസഭ**

**എഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 337**

**04.02.2013-ൽ മറുപടിക്ക്.**

## ഹോംഗാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ സഹായത്തിനായി എത്ര ഹോം ഗാർഡുകളെയാണ് നിയമിച്ചിട്ടുള്ള തെന്നും ; ഇവർക്ക് നിർദ്ദേശിക്ക-പ്പെട്ടിട്ടുള്ള ജോലി സമയം എത്രയെന്നും വെളിപ്പെടുത്തുമോ; | : (എ) 3000 ഹോം ഗാർഡുകളെയാണ് നിയമിച്ചിട്ടുള്ളത്. പോലീസ് വകുപ്പിലും, ഫയർ ഫോഴ്സ് വകുപ്പിലുമുള്ള ജീവനക്കാർ ചെയ്യുന്ന ഡ്യൂട്ടി സമയം ഹോം ഗാർഡുകളും ഡ്യൂട്ടി ചെയ്യുന്നു. |
| (ബി) ഹോം ഗാർഡുകൾക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയെന്നും ഇവരെ നിയമിക്കുന്നതിനും സേവനം അവസാനിപ്പിക്കുന്നതിനുമുള്ള പ്രായപരിധി എത്രയെന്നും വെളിപ്പെടുത്തുമോ; | : (ബി) ഹോം ഗാർഡുകൾക്ക് ഇപ്പോൾ ദിവസ വേതനം 350/- രൂപയാണ്. ഹോം ഗാർഡിന്റെ നിയമന പ്രായപരിധി 35-58 ആണ്. 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഇവരുടെ സേവനം അവസാനിപ്പിക്കുന്നതാണ്. |
| (സി) ഹോംഗാർഡുകളെ ഏതൊക്കെ മേഖലകളിൽ നിയമിക്കാറുണ്ടെന്നും കുറ്റകൃത്യങ്ങൾ തടയുന്നതിലോ നിയന്ത്രിക്കുന്നതിനോ എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | : (സി) പോലീസ് വകുപ്പിൽ ട്രാഫിക് ഡ്യൂട്ടിയിലും, ഉത്സവം, മറ്റ് ആഘോഷങ്ങൾ തുടങ്ങിയവയ്ക്കുള്ള ബന്തവസ്സ് ഡ്യൂട്ടിയിലും മെസ്സെഞ്ചർ ഡ്യൂട്ടിയിലും പോലീസിനെ സഹായിക്കുന്നതിനും അഗ്നിശമന വകുപ്പിൽ അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ജീവനക്കാരെ സഹായിക്കുന്നതിനും ഹോം ഗാർഡുകളെ നിയോഗിക്കുന്നു. |
| (ഡി) വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് കണക്കാക്കി ഹോംഗാർഡുകൾക്ക് വേതന വർദ്ധന നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | : (ഡി) പരിശോധിച്ചുവരുന്നു. |

(മറുപുറം)

| | |
|---|---|
| (ഇ) സംസ്ഥാനത്ത് നിയമിച്ചിട്ടുള്ള ഹോംഗാർഡുകൾക്ക് ക്രമസമാധാന-പാലനത്തിന്റെ എന്തെങ്കിലും ചുമതലകൾ നൽകിയിട്ടുണ്ടോ ? | : (ഇ) 'സി' പിരിവിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലല്ലാതെ മറ്റൊരു ഡ്യൂട്ടിയിലും ഹോം ഗാർഡുകളെ നിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ